ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പുവഴി അത്തൂർ മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഇന്ദിര ആവാസ് യോജന

14 (4049) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി നിലവിലുണ്ടോ ; പ്രസ്തുത പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് മുഴുവൻ തുകയും കൊടുത്തിട്ടുണ്ടെന്നും കൊടുത്തുതീർക്കാൻ ബാക്കിയുള്ളവർ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഗ്രാമീണ മേഖലയിൽ ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്ന പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. ഈ പദ്ധതി പ്രകാരം 2014-15 വർഷത്തെ ഭൗതികലക്ഷ്യം 59,060 വീടുകളാണ്.

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) പദ്ധതിയുടെ നടത്തിപ്പിന് തടസ്സമൊന്നുമില്ല.

ഗ്രാമീണ റോഡ് ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി

15 (T4050) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly